**POLICE** **DEPARTMENT**

**KERALA**

**No. E2-313/2021/CB**
Crime Branch Headquarters,
Thiruvananthapuram
PHQ Compound,
Vazhuthacaud
Pincode:695010
✉adgpcb.pol@kerala.gov.in
📞0471-2722215
Dated. 16-06-2026

**ലേല പരസ്യം**

കേരള സംസ്ഥാന വനംവന്യജീവി വകുപ്പിൻറെ 13/12/2024 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ.526/24/F&WLD, ജില്ലാ ദുരന്ത നിവാരണ അധോറിറ്റിയുടെ 21.05.2025 തീയതിലെ ഉത്തരവ് നമ്പർ.DCTVM/7686/25/H7, സംസ്ഥാന പോലീസ് മേധാവിയുടെ 02.12.2021 തീയതിയിലെ U3-95982/21/PHQ നമ്പർ ഉത്തരവ്, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 26.02.2026 തീയതിയിലെ നമ്പർ.603568-26 നമ്പർ ഉത്തരവ് എന്നിവ പ്രകാരം ക്രൈംബ്രാഞ്ച് മേധാവി പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ പുറപ്പെടുവിക്കുന്നത്.

തിരുവനന്തപുരം മുട്ടത്തറയിൽ പുതുതായി പണി കഴിപ്പിച്ച് പ്രവർത്തനമാരംഭിച്ച ക്രൈംബ്രാഞ്ച് ആസ്ഥാനമന്ദിര സമുച്ചയത്തിന് ചുറ്റമതിൽ നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്നതും, ജീവനക്കാരുടേയും, പൊതുജനങ്ങളുടേയും ജീവന് ഭീഷണിയായി അപകടകരമായ വിധത്തിൽ നിൽക്കുന്നതുമായ കൂറ്റൻ ആൽമരം (Peepal Tree) താഴെപ്പറയുന്ന പ്രകാരം പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതിനായി തിരുവനന്തപുരം മുട്ടത്തറയിലുള്ള ക്രൈംബ്രാഞ്ച് ആസ്ഥാന മന്ദിര സമുച്ചയത്തിൻറെ പരിസരത്തുവച്ച് 24/06/2026 തീയതി രാവിലെ 11.30 മണിക്ക് തീരുമാനിച്ചിരിക്കുന്നു.

| ഇനം | എണ്ണം | സർക്കാർ നിശ്ചയിച്ച വില |
|---|---|---|
| ആൽമരം (Peepal Tree) | 1 (3.7537/MT) | 5518/- |

**ലേല നിബന്ധനകൾ :-**

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേദിവസം ലേലം ആരംഭിക്കുന്നതിന് അരമണിക്കൂർ മുൻപ് ലേല സ്ഥലത്ത് നേരിട്ട് ഹാജരാക്കേണ്ടതും നിശ്ചയിച്ചിട്ടുള്ള ആകെ വിലയുടെ പത്ത് ശതമാനം (552/-രൂപ) നിരതദ്രവ്യമായി അടക്കേണ്ടതുമാണ്. ഏറ്റവും കൂടുതൽ ലേലത്തുക വിളിക്കുന്ന ആൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും, ലേലത്തുകയുടെ പകുതി ടിയാൻ അപ്പോൾത്തന്നെ അടക്കേണ്ടതുമാണ്.

ലേലം കൊണ്ടയാൾ മരം മുറിച്ച് നീക്കം ചെയ്യുമ്പോൾ വസ്തുക്കൾക്കോ, വാഹനങ്ങൾക്കോ, പൊതു ജനങ്ങൾക്കോ/ ജീവനക്കാർക്കോ സർക്കാർ വകയോ, അല്ലാത്തതോ ആയ സ്ഥാവരജംഗമ വസ്തുക്കൾക്കോ അപകടമോ കേട് പാടുകളോ സംഭവിക്കാൻ പാടില്ലാത്തതും, അങ്ങനെ നാശനഷ്ടം സംഭവിച്ചാൽ ആയതിൻറെ പൂർണ്ണ ഉത്തരവാദിത്വം ലേലംകൊണ്ട ആളിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവായ ശേഷം 7 ദിവസത്തിനകം മരം മുറിച്ച് നീക്കം ചെയ്യേണ്ടതും, ലേലം ഉറപ്പിച്ച ശേഷം ലേലക്കാരനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് പ്രസ്തുത വകുപ്പോ, വകുപ്പ് മേധാവിയോ യാതൊരു കാരണവശാലും ഉത്തരവാദി ആയിരിക്കുന്നതല്ല. ലേലം സ്ഥിരപ്പെടുത്തി കിട്ടുമ്പോൾ ഏതെങ്കിലും കാരണവശാൽ പറഞ്ഞ നിബന്ധനകൾ ലംഘിച്ചാൽ ടിയാൻ അടച്ച തുക സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതും, മാത്രമല്ല പുനർ ലേലത്തിന് ചിലവാകുന്ന സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽനിന്നും ഈടാക്കുന്നതുമാണ്. യാതൊരു കാരണവുമില്ലാതെ ലേലം മാറ്റിവയ്ക്കുന്നതിനും, നിർത്തി വയ്ക്കുന്നതിനുമുള്ള പൂർണ്ണമായ അധികാരം ക്രൈംബ്രാഞ്ച് വിഭാഗം മേധാവിയിൽ നിക്ഷിപ്തമാണ്. ക്രൈംബ്രാഞ്ച് മുട്ടത്തറ ലേലം ചെയ്യുന്ന ആൽമരം ലേല തീയതിയ്ക്ക് 5 ദിവസം മുൻപുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ 5 മണിവരെയുള്ള സമയത്ത് ഡ്യൂട്ടി ഓഫീസറുടെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

H VENKATESH IPS
Additional Director General of Police

To : (1) സംസ്ഥാന പോലീസ് മേധാവിയുടെ അറിവിലേയ്ക്കായി (ആമുഖ കത്ത് സഹിതം)

Copy To : 1.ബോർഡ് ചെയർമാൻറേയും, എല്ലാ അംഗങ്ങളുടേയും അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി 2 .ക്രൈംബ്രാഞ്ച് മേധാവിയുടെ അറിവിലേയ്ക്ക് 3. എല്ലാ യൂണിറ്റ് മേധാവികൾക്കും അറിവിലേയ്ക്കും, വേണ്ടത്ര പ്രചരണത്തിനുമായി 4.തിരുവനനന്തപുരം ജില്ലാ പബ്ലിക്ക് ഇൻഫർമേഷൻ ആഫീസർക്ക് വേണ്ടത്ര പ്രചാരണം നൽകുന്നതിനായി 5.ക്രൈംബ്രാഞ്ച് ആസ്ഥാനത്തെ കാഷ്യറുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി (ലേലത്തുക കൈപ്പറ്റുന്നതിനും, തുടർ ഉത്തരവ് വരെ സൂക്ഷിച്ചുവക്കുന്നതിനും) 6.ഈ കാര്യാലയത്തിലെ മുഴുവൻ ജീവനക്കാർക്കും അറിവിലേയ്ക്കും, പ്രചാരണത്തിനുമായി 7.നോട്ടീസ് ബോർഡ് (പോലീസ് ആസ്ഥാനം, ക്രൈംബ്രാഞ്ച് ആസ്ഥാനം, വിജിലൻസ് ആൻറ് ആൻറീ കറപ് ഷൻ ആസ്ഥാനം)